
സെന്റ്.ആന്റെണിസ് എച്ച്.എസ്. കോയിവിള Digital Magazine



# ആമുഖം

പ്രീയ കൂട്ടുകാരേ,

കുരുന്നു മനസ്സുകളിൽ ചിറകുവിടർത്തി അനന്ത വിഹായസ്സിലേക്ക് പറക്കുന്ന കുട്ടുകാർപല വിഭവങ്ങളും ഇവിടെ നിരത്തുന്നു.ഒറ്റയ്ക്കിരിക്കുന്നവൻെറ സ്വപ്നവും നിഷ്കളങ്കവും സുഗന്ധപൂരിവുമായ സൗഹൃദവും ഇവിടെ ദർശിക്കാനാവും. ഭാവുകങ്ങൾ

എഡിറ്റർ

## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ജയിംസ് ജോൺ | ഹെഡ്മാസ്റ്റർ |
| സെബാസ്റ്റ്യൻ | പി റ്റി എ |
| വീണ കുമരി | എച്ച് .എസ് .എ |
| നിർമ്മല മേരി | എച്ച് .എസ് .എ |
| അരുൺ ദാസ് | യു .പി .എസ്.എ |

| | |
|---|---|
| ഇന്ദു എ | 9 A |
| അലീന സി | 9 A |
| സ്റ്റെഫി ജോൺ | 9 B |
| സാനിയ മേരി | 9 B |
| സ്റ്റെന എസ് | 9 B |
| സുനിൽ എസ് | 9 B |

## ഉള്ളടക്കം


- പ്രപഞ്ച സൗന്ദര്യം
- നിൻ മിഴിയിൽ
- ക്രൂരത
- കാട്
- ഇളം കാറ്റ്
- കുഞ്ഞാറ്റാ കിളിയോട്
- ആരോമൽ പൂമ്പാറ്റ
- കൊച്ചുമുല്ല
- ഗാന്ധി ക്രിസ്
- ഇന്ദിരയുടെ മരച്ചിനിത്തോട്ടം
- അപ്സര സുന്ദരി
- മഹാത്മാ ഗാന്ധി
- അത്ഭുത പൂവ്
- പ്രകൃതിയുടെ വരം
- ജീവന്റെ പ്രകൃതി
- അഹിംസ
- ആരറിയുംഎൻവേദന
- സാഹിത്യത്തിൽ ആവിഷ്കരിക്കപ്പെടുന്ന സ്ത്രീ അവസ്ഥകൾ
- അമ്മ മനസ്സ്
- വള്ളത്തോളും ദേശസ്നേഹം
- തണുപ്പുള്ള രാത്രി
- കണ്ണീർ തോരതേ

കവിത

## പ്രപഞ്ച സൗന്ദര്യം




മധുരമാം  നിൻ ഗാനം കേട്ടു ഞാൻ ഉണരവേ
നിൻ ഭാവലോലമാം മുഖം ഞാൻ  കണ്ടു
നിന്നെ അറിഞ്ഞു ഞാൻ നടന്നു
നിൻ ചുംബന കിരണമേറ്റ് ഞാൻ അലയവേ
നിന്നിലെ രാഗലോല നിമിഷങ്ങൾ
എന്നിലായി
കിഴക്ക് ദിക്കിൽ നിന്നു ഏൽക്കുന്ന
നിൻ കിരണങ്ങൾ എന്നിലലിഞ്ഞു
അറിയാതെ നിന്നിൽ ഞാൻ ലയിച്ചു
അശ്വാസമായി നിൻ ഗാനം ഞാൻ പാടി
കുഞ്ഞുച്ചിറകുകൾ പേടിച്ചപ്പോൾ
ഓടിയെത്തിയില്ലയോ നീ എന്നിൽ
ചിറകൊടിഞ്ഞു തളർന്ന എന്നെ നീ
കിരണത്താൽ ഉയർത്തിയില്ലയോ വാനോളം
നിന്റെ ഈ നല്ല മനോഹാരിത
എന്നെ സായൂജ്യമാക്കു നിന്നിലെ പച്ചപ്പും നീയാകുന്ന സൂര്യനിലെ പ്രകാശവും
എന്നിൽ ചാരുതയുള്ളതാക്കുന്നു ഈ പ്രാപഞ്ചിക സൗന്ദര്യം
എൻ  ജീവിതം  സംപൂർണമാക്കുന്നു

സ്റ്റെന എസ് 9B

കവിത

# *നിൻ മിഴിയിൽ*



എന്നും എന്നും നിൻ
മിഴി നിറയുമ്പോൾ മൗനം
തേടും സംഗിതമേ
നിൻ മിഴിയിൽ നിറയും
കണ്ണിർ
തുള്ളികൾ എൻ
മനസ്സിനുള്ളുൽ
നെടുവീർപ്പായി ഉണരുന്നു
നിൻ കാതിൽ കേൾക്കു സംഗിതം
എൻ കവിളിൽ തുടിക്കും
കണ്ണിർ തുള്ളിയായി മാറുമ്പോൾ
നിൻ അനശ്വര നാദം എന്നിൽ
ഉണരും കണ്ണിരായി മാറുന്നു

ഐറിസ് വൈ 9B

## ക്രൂരത

കവിത



എന്തിനു ക്രൂരത മനുഷ്യനെ നീ
നിന്റെ സ്വാന്തമാം ഭൂമിയോടു കാണിക്കുന്നു?
പാവമാം പാവമാം ഭൂമിയെ നീ
എന്തിനു ചുട്ടു പൊള്ളിക്കുന്നു നാരദാ

എന്തിനു ക്രൂരത ഇത്രമാത്രം
അമ്മയാം ഭൂമിയേ പൊള്ളിക്കുവനായി
പ്ലാസ്റ്റിക്കുകൾ കത്തിക്കുന്നുവോ നീ ഇന്ന്?

എന്തിനു സ്വയംപാപിയാകുന്നു നീ
ക്രൂരത കാണിക്കുന്നുവോ നീ
മനുഷ്യ നീ എന്തിനു ഇങ്ങനെ........?
കാലത്തിൻ കൈയ്യൊപ്പുകൾ ചാർത്തുമോ അമ്മയാം ഭൂമിയോട്......?

സ്റ്റെഫി ജോൺ 9B

കവിത



## കാട്

വർണ ഭംഗിവിടരും കാട്
നയന ഭംഗി വിടരും കാട്
എന്തിനീമനുഷ്യൻ
അത് നശിപ്പിക്കുന്നു

പൂക്കൾ വിടരും കാട്
കിളികൾ പാടും കാട്
സുന്ദരമായൊരു കാട്
എന്തിനു കാട്ടിലെ
മരങ്ങൾ വെട്ടുന്നു മനുഷ്യൻ

പച്ചപ്പ് നിറഞ്ഞ കാട്
അരുവികൾ നിറയും കാട്
പണ്ട് മനുഷ്യർ ജീവിച്ചിരുന്ന കാട്
ഉത്ഭവ സ്ഥലം തന്നെ
നശിപ്പിക്കുന്നതെന്തിനി മനുഷ്യൻ

കവിത



## ഇളം കാറ്റ്

കാറ്റിന്റെ താളത്തിൽ തുള്ളിക്കളിക്കുന്ന
കുഞ്ഞുപൂക്കളെ പൈതങ്ങളെ.....
കുഞ്ഞിക്കാറ്റിൽ നൃത്തം ചെയ്യും
റോസാപൂക്കളെ....
സുഗന്ധം പരത്തുന്ന കുഞ്ഞുകാറ്റേ....
ലോകമെങ്ങും ഓടിനടക്കും
കുഞ്ഞിക്കാറ്റേ....ഇളംകാറ്റേ....
മേനി മുഴവനും തഴുകിവരുന്നൊരു
കുഞ്ഞിക്കാറ്റേ....ഇളംകാറ്റേ....
മാനത്തെ മേഘങ്ങളെ തഴുകിവരും
കുഞ്ഞിക്കാറ്റേ.....ഇളംകാറ്റേ.....
മഴ വരുമ്പോൾ ഓടിയൊളിക്കും
കുഞ്ഞിക്കാറ്റേ.....ഇളംകാറ്റേ.....

വിദ്യ 9B

കവിത

# കുഞ്ഞാറ്റക്കിളിയോട്

*ആറ്റക്കിളിയേ ചെറുകിളിയേ*
*തീറ്റയതൊന്നും കിട്ടീലെ?*
*കൂട്ടരെയാരേം കണ്ടീലെ ?*
*തേടിതേടി മടുത്തോ നീ ?*



*എന്നുടെ വീടിൻ മുറ്റത്ത്*
*പൂചെടി നിറയെ പൂവുണ്ട്*
*പൂവിൽ നിറയെത്തേനുണ്ട്*
*പൂന്തേനുണ്ണാൻ പോരാമോ ?*

*പൂന്തേനുണ്ടു കഴിഞ്ഞാലോ*
*പാട്ടും പാടി നടന്നീടാം*
*കൂട്ടിൽ കേറ്റിയിരുത്തീടാം*
*കൂട്ടിനു ഞാനും കൂടീടാം*

*അലീന . സി*

11 അക്ഷരാത്മിക

*കവിത*

# *ആരോമൽ പൂമ്പാറ്റ*



*കാറ്റടിച്ച പൂമരത്തെ കുലുക്കിയാലും*
*കാലവർഷം കണ്ണ നീരിൽ കിലുങ്ങിയാലും*
*പൂന്തേൻ ഉണ്ണാൻ വന്നാട്ടെ*
*പൂവിൻ കൊമ്പിൽ ഇരുന്നാട്ടെ*
*പൂമ്പാറ്റെ നീ പൂമ്പാറ്റെ.*

*കട്ടുറുമ്പ് കേറി-കേറി*
*കട്ടുകടിക്കും കുട്ടകളാൽ*
*പൂവെട്ടുത്ത് കെട്ടിയെടുക്കും*
*പൂന്തേൻ ഉണ്ണാൻ വന്നാട്ടെ*
*പൂവിൻ കൊമ്പിൽ ഇരുന്നാട്ടെ*
*പൂമ്പാറ്റെ നീ പൂമ്പാറ്റെ.*

*അൽഫോൺസ*
*8 b*

കവിത

## *കൊച്ചുമുല്ല*



*കൊച്ചരിമുല്ലേ  കൊച്ചരിമുല്ലേ*
*രാവിൽ വിടരും പൂവല്ലോ;*
*പലനിറമില്ലാ പൂവല്ലോ;*
*പരിമണം വിടരും പൂവല്ലോ ;*
*പാൽനിറമുള്ളൊരു പൂവല്ലെ.*

*സുന്ദരിമാർ ചൂടും പൂവല്ലോ,*
*കാന്തി വിടർത്തും പൂവല്ലോ,*
*വാനിൽ വിരിയും പൂവോ നീ.*
*നിലാവിൽ മിന്നും പൂവോ നീ,*
*നിന്നെകാണാൻ എന്തു രസം,*
*രാവിൽ മാത്രം വാരായും പൂ;*
*രാവുകഴിഞ്ഞാൽ കൊഴിയും പൂ.*

*ഇന്ദു എ 9A*

## ഗാന്ധി ക്വിസ്

*ഗാന്ധിജിയെ ആദ്യമായി രാഷ്ട്രപിതാവ് എന്നു വിളിച്ചതാര്?*
*സുഭാഷ്ചന്ദ്രബോസ്*

*ഗാന്ധിജി അർദ്ധനഗ്നനായ ഫക്കീർ എന്നു വിശേഷിപ്പിച്ചത്?*
*വിൽസ്റ്റൺ ചർച്ചിൽ*

*ഗാന്ധിജി മഹാത്മ എന്ന് ആദ്യം സംബോധന ചെയ്തതാര്?*
*രവീന്ദ്രനാഥ ടാഗോർ*

*തന്റെ ദർശനത്തെപ്പറ്റി ഗാന്ധിജി പുസ്തകരൂപത്തിലെഴുതിയ ഏക ഗ്രന്ഥം?*
*ഹിന്ദ് സ്വരാജ്*

*സത്യത്തെ അറിയാൻ ഏറ്റവും പ്രയോജനപ്പെടുന്ന ഗ്രന്ഥം എന്നു വിശേഷിപ്പിച്ചത് ഏത്?*
*ഭഗവത് ഗീത*

*സാനിയമേരി9B*

കഥ

# ഇന്ദിരയുടെ മരച്ചീനിത്തോട്ടം



കുന്നിനു താഴെ പരന്നു കിടക്കുന്ന നനുത്തഇലകളുള്ള മരച്ചീനിത്തോട്ടം ഇന്ദിരയുടെ വീടിനു മുന്നിലാണ്.മരച്ചീനികൃഷി ഇന്ദിരയുടെ അച്ഛൻ പരിവാരസമേതംവന്ന് മരച്ചീനി കിളയ്ക്കാൻ തുടങ്ങി. ആദ്യത്തെ രണ്ട് മൂന്ന് തടം കിളച്ചപ്പോൾ തന്നെ തളർന്നിരുന്നു പോയി.എല്ലാം എലികൾ തിന്നു തീർത്തിരുന്നു മരച്ചീനി ഒന്നിച്ചെടുത്ത കരാറുകാരനോട് എന്തുപറയും ആസന്നമായബോധക്ഷയത്തിന്റെ വാതിൽപ്പടിയിൽ നിന്നോണ്ട് അദ്ദേഹംനീട്ടി വിളിച്ചു..... "മോളേ ഇന്ദിരേ....അൽപം വെള്ളം"ഇന്ദിര കൊടുത്ത വെള്ളംആർത്തിയോടെ കുടിച്ചശേഷം അദ്ദേഹം പറഞ്ഞു എനിക്ക് ഇനി ജോലി ഏറ്റെടുക്കാൻ വയ്യ ഈ മരച്ചീനി കൃഷി നീ വേണം നോക്കാൻ.കുറച്ച് നാളുകൾക്ക് ശേഷം ഇന്ദിരയുടെ അച്ഛൻ കിടപ്പിലായി. അവൾ ഈ മരച്ചീനിത്തോട്ടത്തിൽ നിന്ന് ലഭിക്കുന്ന ചീനി ചന്തയിൽ കൊണ്ട് വിൽക്കാമായിരുന്നു. വിറ്റ് കിട്ടുന്ന പൈസ അച്ഛന് മരുന്ന് വാങ്ങാൻ പോലും തികയില്ല.പിന്നെ അവൾ വീട്ടുജോലിക്ക് പോകാൻ തുടങ്ങി. അവിടെ നിന്ന് കിട്ടുന്ന പൈസ കൊണ്ട് ഇന്ദിരയുടെ ജീവിതം മുന്നോട്ട് പോകുന്നു.

***സ്റ്റെന സെബാസ്റ്റ്യൻ 9B***

*കവിത*

## അപ്സര സുന്ദരി

*പുലരി തൻ വെട്ടം കാണവെ*
*മിഴി തുറക്കും പൊൻ പ്രകൃതി നീ.....*
*കിളികൾ തൻ കിളി നാദവും*
*കളകളം ഒഴുകും പുഴതൻ ആരവവും*
*വർണമായി ഹേ......ഉഷസ്സേ*
*നീ എന്തേ ഇതുവരെ ഒന്നും മിണ്ടാത്തെ*
*കണ്ണഞ്ചിപ്പിക്കും നിൻ പുലരിയിൽ*
*ആരു നീ ദേവതയോ അതോ പൊൻ പുലരിയോ?*
*എന്തേ നീ വല്ലാതെ വൈകി നീ വരുവാൻ*
*എന്നമെൻ ആന്ദരിന്ദ്രയമാം സ്വപ്നത്തിൽ*
*നീ വന്ന ചേരവേ എന്തിനോയെന്നാല്ലാതെ*
*മറഞ്ഞു നീ എൻ കിനാക്കളിൽ*
*അല്ലയോ അജന്ത സുന്ദരി നിൻ പുലരി*
*വെൺമയിൽ*
*ശലഭങ്ങളാം പ്രകൃതി നാണിച്ച നിൽക്കയോ?*
*പൊൻ പുലരി ...........നീ ആരെയോ കാത്ത്*
*നിൽക്കേ*
*നിൻ തേര് പോകവേ നോക്കി നിൽക്കും*



*വിഷ്ണ പ്രിയ 8A*

*കവിത*



## മഹാത്മാ ഗാന്ധി

ഭാരതമെന്ന പൂന്തോപ്പിൽ വിടർന്നൊരു
വാടാത്ത പൂവാണ ഗാന്ധി
സത്യത്തിൽ പാതയിലെന്നും ജ്വലിക്കുന്ന
സൂര്യനാകുന്ന ഗാന്ധി
മോണകാണിച്ചുള്ള ചിരിയിലെ മാനവ
സ്നേഹമാകുന്ന ഗാന്ധി
ഉപ്പുകുറുക്കി വിദേശിയെ ഞെട്ടിച്ച
തീപ്പന്തമാകുന്ന ഗാന്ധി
ഉണ്ണാനുടുക്കുവാനില്ലാത്തവർക്കൊരു
സാന്ത്വനമാകുന്ന ഗാന്ധി
അഹിംസയിലൂടെയീ നാടിൻ വിമോചനം
സാക്ഷാത്കരിച്ചു ഗാന്ധി
ആനയെക്കണ്ട കുരുടന്മാരെന്ന
പോലിന്നും നാമറിയുന്ന ഗാന്ധി.

*കഥ*

## അത്ഭുത പൂവ്



*ഒരു ഗ്രാമത്തിൽ അച്ഛനും മകളും ജീവിച്ചിരുന്നു.*
*കുട്ടിക്ക് മൂന്ന് വയസുള്ളപ്പോൾ അമ്മ മരിച്ചു.ചിന്നു എന്നാണ് പേര് .*
*അവർ വളരെ ദാരി(ദിയത്തിൽ ആയി . തന്റെ വളർത്തു മൃഗമയ*
*ആടിനെ വിൽക്കുവാൻ നിർബന്ദിതയായി.*
*ചന്തയിൽ പോകും വഴി ഒരു മാന്ത്രകനെ കണ്ടു. ഈ ആടിനെ*
*വിൽക്കുമോ എന്ന് അയാൾ ചോദിച്ചു .വിൽക്കും. എന്തു തരും .*
*ഈ അത്ഭുത പൂവ് തരാം . വേണ്ട പണം മതി . പൂവ് കൊണ്ട്*
*എന്തു ഗുണം .*
*ഈ പൂവിനോട് ഒരു ദിവസം രണ്ട് വരം ചോദിക്കാം .*
*അവൾ ആടിനെകൊടുത്ത് പൂവ് വാങ്ങി . വീട്ടിൽ എത്തി അച്ഛനോട്*
*നടന്ന കാര്യങ്ങൾ പറഞ്ഞു. പൂവിനോട് ആഗ്രഹങ്ങൾ പറഞ്ഞു അവരുടെ*
*ജീവിതം സന്തോഷകരമായി.*

***ഫാത്തിമ 8A***

*കവിത*



## *പ്രകൃതിയുടെ വരം*

*നമ്മൾ പക്ഷികളെ പോലെ പറക്കണം*
*മനസ്സ് നിറച്ച സന്തോഷം വിതറി പാറി*
*പറക്കുന്ന പൂമ്പാറ്റെ പോലെ*
*സുപ്രഭാതത്തിൽ വിരിയുന്ന പൂക്കളെ കാണാൻ*
*എത്ര മനോഹരം*
*ശാന്തമായി വീശുന്ന ആ കാറ്റിനുമുണ്ട് സൗന്ദര്യം*
*ഓജസ്സ് നീന്തി തുടിക്കുന്ന നദി*
*പുഴകൾ എത്ര തരം*
*നീല-ആകാശത്തിൽ നിൽക്കുന്ന മേഘങ്ങൾ*
*പല ആകൃതിൽ കാണാം*
*ആകാശത്ത് ഉദിക്കന്ന സൂര്യനുമുണ്ട് തേജസ്സ്*
*രാത്രിയിൽ ആകാശത്ത് ഉള്ള നക്ഷത്രങ്ങളെ*
*കാണാൻ പൂമാലകളെ പോലെയുണ്ട്*
*ഇതാണ് നമ്മുടെ പ്രകൃതിയുടെ വരം*

**-സാനിയ മേരി-**

***കവിത***




## *ജീവന്റെ പ്രകൃതി*

*ഉറുപാക്ഷി തൻ സ്നേഹമീ*
*യജൻ മഹിമാളികയ്ക്ക്*
*കൊടുത്തിരുന്നെങ്കിൽ*
*ഇനൻ പ്രത്യഹം പ്രാദുർഭവിക്കുക*
*വേണ്ടില്ലായിരുന്നു*

*അജാ നിൻ ചായയിൽ നിഷ്കർഷ*
*പാലിച്ച് മനുഷ്യവർഗത്തെ*
*നിർമ്മിക്കുകവേണ്ടിയില്ലായിരുന്നു*
*അങ്ങനെയെങ്കിൽ*
*മഹിതൻ തളത്തിൽ സ്നേഹം*
*കുടികൊണ്ടേനെ*

***ജോസ്ന 9B***

കവിത



## അഹിംസ

*അഹിംസ അഹിംസ*
*അതാണ ഭാരതവാക്യം*
*നാടിൻ മുദ്രാവാക്യം*
*[അഹിംസ...]*
*ചോരപ്പുഴകളൊഴുക്കാതിന്ത്യ*
*നേടി സ്വാതന്ത്ര്യം.*
*സ്വാതന്ത്ര്യപ്പുലരിയുദിച്ചു*
*ചോരയിൽ മുങ്ങിക്കുതിരാതെ*
*[അഹിംസ..]*
*കുട്ടികളേ തലയുയർത്തുക*
*മലനിരകൾ പോലെ*
*ആലപിക്കു നാടിൻ ഗീതികൾ*
*കടലിന്നല പോലെ*
*[അഹിംസ..]*

***സുനിൽ 9B***

## ആരറിയുംഎൻവേദന



ആരോരുമില്ലാതലഞ്ഞിടുംഭ്രാന്തിതൻസ്നേഹവായിപ്പിന്നാരറിഞ്ഞിടും

താലോലിച്ചോമനിച്ചാനന്ദിച്ചുല്ലസിച്ചവർതൻസ്തോഭങ്ങൾമൃത്യുഞ്ജയമായിടും

ആകുലചിന്തകൾപേറുന്നൊരാമനസിനുള്ളിൽആയിരംവേദനചെന്നുദിച്ചിടും

മററുള്ളവർതൻക്രൂരമാംപീഢകൾസഹിച്ചവർഎന്നംതൻജീവൻരക്ഷിപ്പാൻ

തെരുവുവീചിയിലൂടെ അലഞ്ഞു നടന്നിരുന്നൊരാ ഭ്രാന്തിയേ ആഭാസൻമാർ

ചേർന്ന് ക്രൂരയാക്കിഎന്തെഞ്ഞു വേദന പേറുമാ ജീവിതം ഇന്നൊരു തട്ടിൻ

മുകളിലാക്കി . പെട്ടന്നൊരാ ജീവിതം ഓർത്തീടുവാൻ ഇന്നു എത്ര

ഭയമാർക്കെന്നോ. നിത്യമാം ജീവനെ കാത്തുരക്ഷിപ്പാൻ

മനുഷ്യർ എത്ര വേദന സഹിച്ചിടണം. ഇന്നൊരാ

പ്രതിജ്ഞ എകുമാ നമ്മൾ വിലയുള്ളതാം ഓരോജീവനും വെളിച്ചമാം

ജീവിനിൽ ഇരുൾപടർത്തി അവൾ എന്നോട്ടുമിണ്ടാതെ യാത്രയായി

ആരോരുമില്ലാതലഞ്ഞിടുംഭ്രാന്തിതൻ

സ്നേഹവായിപ്പിന്നാരറിഞ്ഞിടും

താലോലിച്ചോമനിച്ചാനന്ദിച്ചുല്ലസിച്ചവർ

തൻകാരുണ്യജീവസ്പന്ദനം

***സുബിന.എസ് 9B***

*ലേഖനം*

## സാഹിത്യത്തിൽ ആവ്ഷകരിക്കപെടുന്ന സ്ത്രീയവസ്ഥകൾ

മാധവികുട്ടിയുടെ കഥയിലെ മക്കൾക്ക വേണ്ടി ജീവച്ച് ഒടുവിൽ വിവാഹശേഷംഅവൽ കുടുബത്തോടൊപ്പം വിദേഷത്ത് പോകുമ്പോൾ ഒററപ്പെട്ടു പോകുന്ന അമ്മയാണ്.വണ്ടിയിടിച്ച് വഴിയരികിൽ കിടക്കുന്ന അവരെ ഒരു പാൽക്കാരൻ താങ്ങിയെടുത്ത് "എന്ത്പററി അമ്മേ"എന്നചോദിക്കുമ്പൊൾ അമ്മേ വിളിയിൽ നഷ്ടപെട്ട ഉർജ്ജം വീണ്ടെടുക്കുന്നു.തന്റെ മക്കളുടെ ഓർമ്മ ഉണരുകയാണ്അമ്മയിൽ.എന്നാൽ മക്കളെ കുറ്റപെടുത്താൻ അമ്മ മുതിരുന്നില്ല.കാക്കനാടന്റെ ഒറോത ആണിന്റെ ചങ്കുറപ്പും മെയ്ക്കരുത്തുമുള്ള സ്ത്രീയായിരുന്നു.തന്റെ ലക്ഷ്യത്തിലെത്താൻ എത്ര അധ്വാനിക്കാനും അവൾക്ക്മടിയുണ്ടായിരുന്നില്ല .കൃഷിഭൂമിയിൽ ജലമെത്തിക്കാനുള്ള അവളുടെ തീരുമാനവുംപ്രയത്നവും ശ്രദ്ദയമാണ്.

താൺഹൃയത്തിൽവച്ചാരാധിക്കുന്ന പുരുഷനെ സ്വന്തമാക്കാൻ വേണ്ടി കഠിനമായ പീഠകൾ പോലും സഹിക്കുകയാണ് ബഷീറിൻെ കുഞ്ഞുപാത്തുമ്മ.ഗ്രാമ നന്മയുടെ പ്രതീകമാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥയിലെ ഉമ്മ . അകാലത്തിൽ നഷ്ടപ്പെട്ടുപ്പോയ മക്കളെക്കുറിച്ചുള്ള ഓർമ ഒരു തീരാവേദനയായി കൂടെകൊണ്ടുനടക്കുന്ന ഉമ്മാ തന്റെ നോട്ടക്കുറവുമൂലമാണ് മക്കളെ നഷ്ടപ്പട്ടതെന്ന് വിശ്വസിക്കുകയാണ്.മാധവിക്കുട്ടിയുടെ കോലാടിലെ അമ്മ ഭർത്താവിനും മക്കൾക്കും വേണ്ടി രാപകൽ കഷ്ട്ടപെട്ട് സൗന്ദര്യം നഷ്ട്ടപെട്ട് പേക്കോലമായി മാറുന്ന അമ്മയാണ് .' അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമവരിക'എന്ന മൂത്തമകന്റെ തമാശകേട്ട്ചിരിക്കുന്ന അവർ എല്ലാവരും പോയിക്കഴിയുനമ്പോൾ വിഷണ്ണതയോടെ തന്റെ മുഖം പരിശോധിക്കുന്നു.രോഗബാധിതയായി ആശുപത്രിയിലെത്തുമ്പോഴ അടുക്കളക്കാര്യങ്ങളാണ് അവളുടെ ചിന്തിയിൽസാറാ ജോസഫിന്റെ 'മുടിത്തെയ്യമുറയുന്നു' എന്ന കഥ പുരുഷാധികാരത്തോടുള്ള വെല്ലുവിളിയാണ്.നീണ്ട തലമുടി കേരളീയ സ്ത്രീകളെ സംബന്ധിച്ചിടത്തോളം പുരുഷനിൽ നിന്നുള്ള സ്ത്രീയുടെ വ്യത്യാസത്തിന്റെയും അവളുടെ സ്ത്രൈണ സ്വത്വത്തിന്റെയുംസവിശേഷസൗന്ദര്യത്തിന്റെയും ചിഹ്നമാണ് 'മുടിത്തെയ്യമുറയുന്നു' എന്ന കഥയിലെ കേന്ദ്രകഥാപാത്രമായ ലളിതയുടെ മുടിസ്ത്രീവിമോചനത്തിന്റെ പ്രതീകമാവുകയാണ്.പുരുഷാധിപത്യസമൂഹം അടിച്ചമർത്തിയ സ്ത്രീത്വത്തിന്റെ ഉയിർത്തെഴുന്നേല്പാണ് ഈ കഥയിലുള്ളത്.

വീണാ കുമാരി
***എച്ച് .എസ്. എ***

കവിത

## അമ്മ മനസ്



സ്നേഹഭാവനയിൽ നിന്നും മുഴങ്ങുന്ന
സുവിശേഷമാണി മനസ്സ്
ആത്മക്ഷതങ്ങളെ തഴുകി തലോടി
സാന്ത്വനമായ് വന്നെന്നെ തഴുകി
പേറ്റുനോവായ് ഞാനേങ്ങി കരഞ്ഞപ്പോൾ
ഈറ്റുനോവുമായ് പ്രാർത്ഥനയായ് കൂടെ നിന്നമനസ്സേ
വാക്കിൽ പ്രഭാവം ജീവിത ദൃഢശിലകളെ
രത്നകല്ലുകളാക്കി മാറ്റിയ മനസ്സേ
ഈ മനസ്സിനേകുന്നു ഞാനെന്നും
ആശംസകൾ.

വീണ .എ.ച്.എസ്.എ

നിരൂപണം

## വള്ളത്തോളും ദേശസ്നേഹവും


Vallathol Narayana Menon

വള്ളത്തോളിന്റെ ദേശാഭിമാനപരമായ കവിതകളെ മൂന്ന വിഭാഗമായി തിരിക്കാം . ഭാരതത്തിന്റെ സാംസ്കാപൈതൃകത്തെ പ്രകീർത്തിക്കുന്നവയാണ് ആദ്യത്തെത്.അടുത്തതാകട്ടെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടആദർശങ്ങളെഅഹിംസ,സമത്വബോധം,ഐക്യം,ദിനാനുകമ്പ,സ്വാതന്ത്ര്യം വാഴ്ത്തുന്നു. മൂന്നാമത്തെത് സ്വാതന്ത്ര്യസമരസേനാനികളെയും രക്തസാക്ഷികളെയും കുറിച്ചുള്ളവയാണ്. ഇതിൽ അവസാനത്തെ വിഭാഗത്തിൽപ്പെടുന്ന കവിതയാണ് എന്റെ ഗുരുനാഥൻ.

ഗാന്ധിജിയെ വള്ളത്തോൾ തന്റെ ഗുരുനാഥനായി അംഗീകരിക്കുകയും ആ വ്യക്തിത്വ സവിശേഷതകൾ വിശദികരിക്കുകയും ചെയ്യുന്നു.ഈ കവിതയെ ഭാവാത്മകമാക്കുന്ന ഘടകങ്ങളാണ് ഗാന്ധിജിയോടുള്ള കവിയുടെആദരവും ആരാധനയും.എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന പ്രസ്താവിച്ച മഹാത്മാവിനെ മഹത്തായ എല്ലാ ആദർശങ്ങളുടെയും ആൾരൂപമായികവി കാണുന്നു.

ആമുഖമൊന്നും കൂടാതെ ഗാന്ധിജിയുടെ വ്യക്തിത്വമഹിമകൾ വർണ്ണിച്ച കൊണ്ടുള്ള കാവ്യാരംഭത്തത്തിന് ഒരു നാടകീയതയുണ്ട്.ഈ കവിതയിൽ ഒരു ഭാഗത്തും ഗാന്ധിജിയുടെ പേര് പരാമർശിച്ചിട്ടില്ല.ലളിതവും കർമ്മനിരതവും ആദർശാത്മകവുമായഒരു ജീവിതചര്യയുടെ വിശദാംശങ്ങളിൽ നിന്ന് ഗാന്ധിജിയുടെ വ്യക്തിസ്വരൂപംപെട്ടെന്ന തിരിച്ചറിയാവുന്ന വിധം തെളിഞ്ഞുവരികയാണ് ചെയ്യുന്നത മറ്റുള്ളവയുടെ നന്മയ്ക്കുവേണ്ടി പ്രതിഫലം കൂടാതേ പ്രവർത്തിക്കുന്ന ഗാന്ധിജി സുഖഭോഗങ്ങളുടെ നേരെ ഒരുതരം നിസ്സംഗതയാണ്പുലർത്തുന്നത്.ഏതു സാഹചാര്യത്തിലും, പ്രതികൂലപരിസ്ഥികളിൽപോലും കർമനിരതനാവാൻ അദ്ദേഹത്തിന്ഒരു വിഷമവുമില്ല. ഏറ്റവും ചുരുങ്ങിയ സൗകര്യങ്ങളിൽ അദ്ദേഹം സംതൃപ്തനാകുന്നു.

അഹിംസയുടെ പടച്ചട്ട ഭേദിക്കാൻ ഒരായുധത്തിനും സാധ്യമല്ല എന്ന് ഗാന്ധിജി പ്രബോധിപ്പിച്ചു. ആ മഹാ വ്യക്തിത്വത്തിന്റെ അവികലമായ പൂർണത നമുക്ക് ഈകവിതയിൽ ദർശിക്കാം

***സ്റ്റെഫി ജോൺ 9 B***

*മിനി കഥ*



## തണുപ്പുള്ള രാത്രി

*ഒരിടത്ത് ഒരു തണുപ്പുള്ള രാത്രിയിൽ ഒരു വൃദ്ധവീട്ടിലിരുന്നു തീകായുകയായിരുന്നു. കുറച്ച് നേരം കഴിഞ്ഞപ്പോൾ ആരോ അവരുടെ വീട്ടിന്റെ കതകിൽ വന്നു മുട്ടി. ആ വൃദ്ധ കതക തുറന്നപ്പോൾ കുറച്ചു സ്ത്രീകൾ അവരുടെ വീട്ടിനു മുന്നിൽ നിൽക്കുന്നു.ആ സ്ത്രീകൾ ആ വൃദ്ധയോടു ചോദിച്ചു:"അറിഞ്ഞില്ലേ,രാജാധിരാജാനായ ഉണ്ണി യേശു പിറന്നിരിക്കുന്നു.ബത് ലഹേമിലേ ഒരു കാലിതൊഴുത്തിലാണ്.ഞങ്ങൾ അവിടെയ്ക്ക് പോവുകയാണ് .നിങ്ങൾ അവിടേക്ക് വരുന്നുണ്ടോ?"*

*ആ വൃദ്ധ ആ സ്ത്രീകളോട് പറഞ്ഞു:"അയ്യോ ഈ തണുപ്പുള്ള രാത്രിയിലോ, ഞാനില്ലാ എനിക്ക് വയ്യ നിങ്ങൾ പൊയ്ക്കോളൂ ഞാൻ പിന്നോരിക്കാൽ കണ്ടു കൊള്ളും"*

*അപ്പോൾ ആ സ്ത്രീകൾ അവിടെ നിന്നും പോയി ഈ വൃദ്ധ ആ സ്ത്രീകൾ അവിടെ നിന്നും പോയപ്പോൾ ഇങ്ങനെ ചിന്തിച്ചു:"ഓ ദൈവപുത്രാ, നിന്നെ കാണാൻ ഇത്രയും നല്ലൊരു അവസരം കിട്ടിയിട്ടും ഞാൻ അത് നശിപ്പിച്ചു....................."*

*ഗുണപാഠം:ജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങൾ അന്നന്നു തന്നെ ചെയ്യണം.നാളെയ്ക്കു വേണ്ടി മാറ്റി വയ്ക്കരുത് പിന്നിട് ആ കാര്യങ്ങൾ ഒരിക്കലും ചെയാൻ പറ്റിന്നു വരില്ല................................*

മിക്ക ***9A***

## കണ്ണീർ തോരാതെ

കഥ

*നേരം സന്ധ്യയായി. മീന വേഗം വീട്ടിലേക്ക് നടന്നു.വയറു പൊരിഞ്ഞു തുടങ്ങിയിട്ട് നേരം ഏറേയായി.അവൾ തന്റെ അന്നത്തെ സമ്പാദ്യം എണ്ണി നോക്കി. വെറും പത്ത് രൂപയെയുള്ളൂ. ഇത് വച്ച് വിട്ടിൽ എന്തെല്ലാം സാധനങ്ങൾ വാങ്ങണം .ഒരുവിട്ടിലേക്ക് ആവശ്യമായ എല്ലാ സാധനങ്ങളും വേണം . വെളുപ്പിനെ അഞ്ച് മണിക്ക് എഴുന്നേറ്റതാണ് . പശുവിനെ കറക്കണം. പാല് വീടുകളിലെത്തിക്കണം.പശുവിന് ആഹാരം കൊടുക്കണം. രോഗിയായ അമ്മയും രണ്ട് അനിയത്തിമാരുമുള്ള അവൾക്ക് വയറുപിഴപ്പിന് വേറേ വഴിയില്ലല്ലോ. അവൾ തനിക്കു കിട്ടിയ സമ്പാദ്യം വീണ്ടും എണ്ണിനോക്കി പത്തുരൂപയെന്ന് ഉറപ്പുവരുത്തി. അമ്മ പാ നെയ്യും. അത്കൊണ്ട് ചെന്ന് വിൽക്കണംഅവൾവീട്ടിലെത്തി.  ജാനു അവളുടെ അടുക്കലേക്ക് ഓടി വന്നു ചേച്ചി,ചേച്ചി പെൻസിൽ വാങ്ങിച്ചോ? ജാനു ചോദിച്ചു അപ്പോഴാണ് പെൻസിൽ വാങ്ങുന്ന കാര്യം അവൾ ഓർത്തത്. അപ്പോൾ അമ്മയുടെ ചോദ്യം റേഷനരി വാങ്ങിച്ചോ മോളെ? അത് പറഞ്ഞു. അവൾ വേഗം ജോലി എല്ലാം ചെയ്തു. അമ്മിണീ..........അമ്മിണി വീട്ടമ്മവിളിക്കുന്നു. അവൾ വേഗം വീട്ടമ്മയുടെ അടുത്തെത്തിനിനക്ക് അമ്മയ്ക്കും വേണ്ടിയുള്ള മരുന്നു വാങ്ങണ്ടേ. ഇതാ നൂറുരൂപയുണ്ട്.നീ വിട്ടിൽപൊയ്ക്കോള്ളൂ. അമ്മയുടെ അസുഖം  മാറുമ്പോൾവന്നാമതി.അവൾപൈസവാങ്ങി വീട്ടിലെത്തി.എന്നീട്ട് മരുന്ന് വാങ്ങി അമ്മയ്ക്ക് കൊടുത്തിട്ട് വരാന്തയിൽ ചെന്നിരുന്നു.രണ്ട് വർഷം മുമ്പാണ് അവളുടെ അച്ഛൻ മരിച്ചത്.പിന്നെ അവളുടെഅമ്മയാണ് അവളുടെ അനിയത്തിയായ അമ്മുവിനെയും അവളെയും കഷ്ടപ്പെട്ട് വളർത്തിയത്.അമ്മിണിയുടെ അമ്മയ്ക്ക് രോഗം ബാധിച്ചപ്പോൾ അമ്മിണിയാണ് വീട്ടുജോലിചെയ്ത് തന്റെകുടുംബം പോറ്റിയിരുന്നത്. അവൾ ഒൻപതാം ക്ലാസിൽ  വച്ച് പഠിത്തം നിർത്തിയതായിരുന്നു. അവളുടെ അനിയത്തിയെ പഠിപ്പിച്ച് വലിയ ആളാക്കണമെന്നാണ് അവളുടെ ആഗ്രഹം.എന്നാൽ വീട്ടിലെ സ്ഥിതി വളരെ മോശമാണ്.ഒരു നേരത്തെ ആഹാരം പോലും കിട്ടാത്ത അവസ്ഥ.ഓണം വന്നാലും പിറന്നാൾ വന്നാലുംആഘോഷം എന്തെന്ന് അവൾക്കറിയില്ല.അച്ഛൻ ജീവിച്ചിരുന്നപ്പോൾ ഉണ്ടാക്കിയ വീടു മാത്രം ആണ് അവൾക്ക് ഉള്ളത്.എന്നാൽ വീട് നിലം പൊത്താം എന്നുള്ള അവസ്ഥയിൽ ആണ്. അമ്മിണീ.....മോളേ അമ്മിണീ.... ..അമ്മ സ്നേഹത്തോടെ അവളെ നോക്കി ചിരിച്ചു അവൾ ജോലി ചെയ്യുന്ന വീട്ടിൽ എത്തി."അമ്മയ്ക്ക് എങ്ങനെയുണ്ട്"?വീട്ടമ്മ ചോദിച്ചു.കുറവുണ്ട് അവൾ മറുപടി പറഞ്ഞു.ഒരാഴ്ച കഴിഞ്ഞു അവൾ മുറ്റം തൂക്കാനായി മുറ്റത്ത് എത്തി. അപ്പോൾ മുറ്റത്തെ ഒരു മൂലയിൽനിന്ന് ഒരമ്മക്കിളിയും കിളിക്കുഞ്ഞും ഇരിക്കുന്നു അമ്മക്കിളി കുഞ്ഞിക്കിളിയുടെ വായിൽ ആഹാരം വച്ച് കൊടുക്കുന്നു ഇത് കണ്ടപ്പോൾ അമ്മിണിയുടെ കണ്ണ് നിറഞ്ഞു.എന്നെ എന്റെ അമ്മഎന്ത് സ്നേഹത്തോടെയാണ് വളർത്തിയത്. അവൾ ആലോചിച്ചു.അമ്മിണീ..... വീട്ടമ്മയുടെ വിളികേട്ട്  അവൾ അടുത്തെത്തി അപ്പോൾ വീട്ടമ്മയുടെകൈയ്യിൽ ഫോണുണ്ടായിരുന്നു അവൾകാര്യം തിരക്കി വീട്ടമ്മ വിഷമത്തോടെ ആ വാർത്ത പറഞ്ഞു.അമ്മിണി അവളുടെ വീട്ടിൽ നിന്നിറങ്ങിയപ്പോൾ അവളുടെ അമ്മയുടെ അവസാനത്തെ ചിരിയാണ് അമ്മിണിക്ക് മനസ്സിൽ ഓർമ്മ വന്നത്.*

***ആദിത്യൻ 9A***

[1]



**ലിറ്റിൽ കൈറ്റ്സ് ഐറ്റി ക്ലബ്**

1



ജൂനിയർ റെഡ് ക്രോസ്



മലയാളത്തിളക്കം




വായനാ ദിന നൃത്ത ശിൽപം



സെന്റ്. ആന്റെണിസിലേ ഉച്ചഭക്ഷണം




ഹിരോഷിമ ദിനത്തോട് അനുബന്ധിച്ചുള്ള മനുഷ്യചങ്ങല




അധ്യാപകദിനം


ജൂൺ 5
ലോക പരിസ്ഥിതിദിനം




ഹൈടെക്ക് റൂമുകളുടെ ഉദ്ഘാടനം




*സെന്റ്. ആന്റെണ്സിലേ 2017-18 പ്രതിഭകൾ*



ക്രിസ്തുമസ് ആഘോഷം



*വിരമിക്കുന്നവർ റവ . ഫാ. വിൻസന്റ് മച്ചാഡോയ്ക്ക് ഒപ്പം*


ST.ANTONYS HIGH SCHOOL. KOIVILA
AUDITORIUM
FOUNDER
ST. ANTONYS
HIGH SCHOOL
KOIVILA

സ്കൂൾ വാർഷികം




ശുഭം